# SPEECH OF HAZRAT UMM'UL MUMINEEN FAZLI AMENA

***INTERNATIONAL SADR SAHIBA***

***SIRAJ MAKIN JAMAAT UL SAHIH AL ISLAM***

## IJTIMA SIRAJ MAKIN

**KERALA-DECEMBER 2018**

**ഡിസംബർ 2018–ൽ കേരള സിറാജ് മാക്കീൻ ഇജ്തിമയിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സിറാജ് മാക്കീൻ ഇന്റർനാഷണൽ സദ്ർ ഉമ്മുൽ മുഅ്മിനീൻ ഫസിലി അമീനാ സാഹിബ നടത്തിയ ഉദ്ഘാടന പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപം.**

തശ്ഹ്ഹദും, തഅവ്വദും, സൂറ അൽഫാത്തിഹയും ഓതിയ ശേഷം സദർ (ഇന്റർനാഷണൽ) സാഹിബ സിറാജ് മാക്കീൻ അംഗങ്ങളെ അഭിസംബോധന ചെയ്തു പറഞ്ഞു.

എന്റെ പ്രീയ പുത്രിമാരേ,

അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

കേരളത്തിൽ–മനോഹരമായ നിങ്ങളുടെ ഈ സ്വന്തം നാട്ടിൽ–വച്ച് നിങ്ങളെ ഓരോരുത്തരെയും അഭിസംബോധന ചെയ്ത സംസാരിക്കുവാൻ അവസരം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദൈവീക വെളിപാടുകൾ ലഭ്യമായിത്തുടങ്ങിയ ആദ്യനാളുകളിൽ മൗറിഷ്യസിലെ വനിതകൾക്ക് മുഹ്യിദ്ദീൻ ഖലീഫത്തുല്ലാഹ് നല്കിയ അമൂല്യമായ ആത്മീയ ഉപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഇന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരുന്നതിനായി തെരെ

ഞ്ഞെടുത്തിരിക്കുന്നത്. നമുക്കേവർക്കും അറിയുന്നതുപോലെ നമ്മുടെ പ്രീയങ്കരനായ പ്രവാചകൻ മുഹമ്മദ് നബി(സ)എപ്രകാരം സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുവാൻ ശ്രമിച്ചിരുന്നുവോ, അതേപ്രകാരം സ്ത്രീ സംരക്ഷണത്തിനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കൂടിത്തന്നെയാണ് ഖലീഫത്തുല്ലാഹ് വന്നിട്ടുള്ളതും.

അതിപുരാതനകാലം മുതൽക്കേ, സാധാരണക്കാരും, അധികാരങ്ങളിലിരിക്കുന്നവരും, എല്ലാം തന്നെ സ്ത്രീകൾക്ക് ആദരീണയമായ പദവി നല്കി തന്നെയാണ് ബഹുമാനിച്ചിരിക്കുന്നത്. പക്ഷേ പില്ക്കാലത്ത് ജനങ്ങളുടെ ഈ മനോഭാവത്തിന് മാറ്റമുണ്ടാവുകയും സ്ത്രീകൾക്ക് അവർ അർഹിക്കുന്ന മാന്യത നല്കുന്നതിൽ നിന്ന് പിന്നോക്കം പോവുകയുണ്ടായി. ദിവ്യപുരുഷന്മാരുടെ ആഗമന കാലഘട്ടങ്ങൾക്കു ശേഷം ഈ സ്ഥിതി അത്യന്തം വഷളാവുകയും ചെയ്തു. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ നഷ്ടമാവുകയും, പുരുഷന്മാരെക്കാൾ പദവിയിൽ താഴുകയും ചെയ്തു. ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ചില ദുസ്സ്വാധീനങ്ങൾ മൂലം, കാലഘട്ടത്തിലെ ജനങ്ങൾ സ്ത്രീകളെ അബലകളും, അവരുടെ കയ്യിലെ കളിപ്പാവകളുമായി കാണുവാനും തുടങ്ങി. വാസ്തവത്തിൽ, സ്ത്രീകൾക്ക് മഹനീയമായ ചില ഗുണവിശേഷങ്ങൾ തീർച്ചയായുമുണ്ട്. പക്ഷേ നമ്മുടെ സമൂഹത്തിലെ പുരുഷന്മാരിലൊരുവിഭാഗം സ്ത്രീകളെ പാചകക്കാരികളാക്കി വീടിന്റെ നാലുചുമരുകളിൽ തളച്ചിടുവാനാഗ്രഹിക്കുന്നു. ഇവർ മറക്കുന്ന ഒരു വസ്തുതയുണ്ട്. സ്ത്രീകൾ കുടുംബത്തിന്റെ ഭാരിച്ച ചുമതലകൾ നിറവേറ്റുന്നതോടൊപ്പം, തന്റെ കുടുംബത്തിലെ ഓരോ അംഗത്തിന്റേയും ആരോഗ്യവും, ക്ഷേമവും ഉറപ്പുവരുത്തുകയും ചെയ്യുന്നു എന്നതാണ് അത്.

നമ്മുടെ പ്രവാചകശിരോമണിയായ മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനും, കാലഘട്ടത്തിന്റെ പ്രവാചകനും എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ട വേളയിൽ ലോകത്ത് പൊതുവായും

അറേബ്യയിൽ പ്രത്യേകിച്ചും സ്ത്രീകളുടെ അവസ്ഥ ഏറെ പരാതാപകരമായിരുന്നു. ധനാഢ്യകളായ സ്ത്രീകൾക്ക് കുറച്ചൊക്കെ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടുകിട്ടി എന്നതൊഴിച്ചാൽ സമൂഹത്തിന്റെ വിവിധതലങ്ങളിലുള്ള സ്ത്രീകൾക്ക് അവയൊക്കെ അപ്രാപ്യവും, ചിന്തിക്കുന്നതിന് അപ്പുറവുമായിരുന്നു. പക്ഷേ, ഇസ്ലാമിന്റെ ആഗമനത്തോടെ ഈ സ്ഥിതിക്ക് മാറ്റം വരുവാൻ തുടങ്ങി. മാനവകുലത്തിന്റെയും-വനിതളുടേയും ഉന്നമനത്തിനായി അന്ത്യവിധിനാൾ വരെയും ഇസ്ലാം അക്ഷീണം പ്രയത്നിക്കുക തന്നെ ചെയ്യും. ഇൻശാ അല്ലാഹ്.

സ്ത്രീകൾക്ക് തങ്ങൾ ജീവിക്കുന്ന സമൂഹത്തിലും, തങ്ങളുടെ കുടുംബങ്ങളിലും വ്യത്യസ്തങ്ങളായ ചുമതലകളുണ്ട്. പക്ഷേ ഇതോടൊപ്പം തന്നെ, ദിവ്യവെളിപാടുകളുടെ ഈ കാലഘട്ടത്തിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നാം അക്ഷീണം പ്രയത്നിക്കേണ്ടതുണ്ട്.

ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ വനിതകളായ -സിറാജ് മാക്കീൻ - നാം സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ നിരന്തരം പങ്കെടുക്കണം. വിവിധ മതവിഭാഗങ്ങളിലെ വനിതകളെ ഇത്തരം സേവന പ്രവർത്തനങ്ങളിലേർപ്പെടുന്നതിനായി നാം ക്ഷണിക്കണം. അത്തരം പ്രവർത്തനങ്ങൾ നിങ്ങളേറ്റെടുത്തു നടത്തുവാൻ തുടങ്ങിയാൽ നിങ്ങളുടെ നാട് അഭിവൃദ്ധിയുടെ പാതയിൽ ഏറെ ദൂരം മുമ്പോട്ടു പോകും. ഇത്തരം പവിത്ര പ്രവർത്തനങ്ങൾ നമ്മുടെ പുരാതന സംസ്ക്കാരത്തിന്റെ ഭാഗമാണ്. അല്ലാഹു തന്റെ പ്രവാചകന്മാരിലൂടെ നമ്മുടെ മുൻതലമുറയിലെ ജനതയെ പഠിപ്പിച്ച യഥാർത്ഥ സംസ്ക്കാരം ആണിത്. അതിന്റെ അനന്തരാവകാശികളായ നമുക്ക്, അതുകൊണ്ട് തന്നെ ഭാരിച്ച കടമയുണ്ട്. സംസ്ക്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നവീകരണം ആണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വനിതകൾ നവീകരണത്തിന്റെ വക്താക്കളാണ്. നമ്മളൊക്കെ നമ്മുടെ ഗുണപരമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ നാടുകളുടെ പുരോഗമന പ്രവർത്തനങ്ങളിൽ പങ്കാളിക

ളായിക്കൊണ്ടിരിക്കുകയുമാണ്. പൊതുവേ പറഞ്ഞാൽ, സ്ത്രീകൾ സത്യത്തിലും ദൈവഭക്തിയിലും ഉറച്ച ജീവിതമാർഗ്ഗം നയിക്കുന്ന വരാണ്. പക്ഷേ, ആധുനിക സമൂഹത്തിൽ പലപ്പോഴും സ്ത്രീകൾക്ക് അവരുടെ ആർജ്ജവം പ്രകടമാക്കാനാകാത്ത അവ സ്ഥയുണ്ടാകുന്നുണ്ട്. പലതരത്തിലുള്ള പ്രതിസന്ധികളെ അവർക്ക് തരണം ചെയ്യേണ്ടതായി വരുന്നുണ്ട്.

സ്ത്രീകൾക്ക് അവരർഹിക്കുന്ന പരിഗണനയും പ്രോത്സാഹ നവും നല്കുകയാണെങ്കിൽ അവർ കുടുംബങ്ങളിലും, സമൂഹ ത്തിലും മാത്രമല്ല ലോകമെമ്പാടുമുള്ള മാനവരാശിയുടെ ക്ഷേമത്തിനും വേണ്ടി അഹോരാത്രം പ്രയത്നിക്കും. അങ്ങനെ തങ്ങളുടെ കർമ്മ മേഖലകളിലെ തിളങ്ങും താരങ്ങളായി മാറുകയും ചെയ്യും. അത്തരം വനിതകളെ, സമൂഹത്തിലെ പുരുഷന്മാർ കൂടി, മാതൃകകളാക്കി പ്രയത്നിക്കുവാൻ സന്നദ്ധരായാൽ നമ്മുടെ ഈ ലോകം തീർച്ചയായും കൂടുതൽ പുരോഗതി പ്രാപിക്കും.

സ്ത്രീകൾ പുരുഷന്മാരെ പോലെ മറ്റു ജോലികളിലേർപ്പെ ടേണ്ടതില്ല. പാചകം മാത്രം ചെയ്താൽ മതി എന്ന് ഒരു വേദഗ്ര ന്ഥത്തിലും പറഞ്ഞിട്ടില്ല. തന്റെ ഭാര്യയെ വീട്ടുകാര്യങ്ങളിൽ സഹാ യിക്കുന്നതിനായി ഭർത്താവ് പാചകവും അത്യാവശ്യം വീട്ടുകാര്യ ങ്ങളും പഠിയ്ക്കേണ്ടതുതന്നെ. ഇതിനുള്ള ഉദാത്ത മാതൃക നമ്മുടെ മുന്നിൽ തന്നെയുണ്ട്. പ്രവാചകൻ തിരുമേനി(സ) തങ്ങൾ, തങ്ങളുടെ എല്ലാ ഭാര്യമാരെയും, വീട്ടുകാര്യങ്ങളിൽ സഹായിക്കു മായിരുന്നു. എടുത്തുപറയേണ്ട വസ്തുത തിരുമേനിയുടെ എല്ലാ ഭാര്യമാരും വീട്ടമ്മമാർ ആയിരുന്നു എന്നതാണ്. എന്നിട്ടു പോലും അവരെ സഹായിക്കുന്നതിൽ അദ്ദേഹത്തിന് ഒരു സങ്കോചവും അനുഭവപ്പെട്ടിരുന്നില്ല. മറിച്ച്, തന്റെ ഭാര്യമാരെ സഹായിക്കുന്നതി ലൂടെ, അവരെ നന്നായി പരിചരിക്കുന്നതിലൂടെ സ്ത്രീകളെ ആദ രിക്കുന്നതിന്റെ ഉത്തമ മാതൃക മാനവരാശിക്ക് പകർന്നു നല്കുക യായിരുന്നു.

ആത്മീയ പാതയിൽ മുന്നേറുവാൻ പുരുഷന്മാർക്ക് ഊർജ്ജം

പകർന്നു നല്കുവാൻ കഴിവുള്ളവരാണ് സ്ത്രീകൾ. പരിശുദ്ധവും നിസ്വാർത്ഥവും ആയ സ്നേഹഭാവം സ്ത്രീകളിൽ സഹജമാണ്. അറിവുള്ള വിദ്യഭ്യാസമുള്ള, സംസ്ക്കാരമുള്ള ഒരു സ്ത്രീ സദാ ജാഗ്രതകാട്ടുന്നത് തന്റെ വാക്കുകളും പ്രവൃത്തിയും ദൈവഭക്തിക്കു അനുയോജ്യമായതാണോ എന്നതിലായിരിക്കും. സ്നേഹവും, സൗമ്യഭാവവും അവളുടെ കൂടെപ്പിറപ്പായിരിക്കും. അത്തരം സ്ത്രീകൾ കുടുംബത്തിൽ മാത്രമല്ല സമൂഹത്തിനും സന്തോഷവും ഐശ്വര്യവും കൊണ്ട്ടു വരും.

ആയതിനാൽ, എന്റെ പ്രീയപ്പെട്ട പെൺമക്കളെ, അല്ലാഹു തന്റെ ദിവ്യവെളിപാടുകൾ ഇറക്കുന്ന സുവർണ്ണ കാലഘട്ടത്തിൽ – തന്റെ പ്രീയങ്കരനായ ദൂതനിലൂടെ ഖലീഫത്തുല്ലാഹ്യിലൂടെ പരിശുദ്ധരായ ആബാലവൃദ്ധം ജനങ്ങളെയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സേവനം ചെയ്യുവാനുള്ള പ്രേരണ നല്കികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, യഥാർത്ഥ ഇസ്ലാമിനെ പുനഃസ്ഥാപിക്കുന്നതിനും, ഇസ്ലാമിൽ നിലനില്ക്കുന്ന ബിദ്അത്തുകളെ പാടെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘത്തിൽ– നമ്മൾ സിറാജ് മാക്കീൻ അംഗങ്ങളെ അല്ലാഹു തിരഞ്ഞെടുത്തിരിക്കുന്നത് ഈ പറഞ്ഞ പുണ്യപ്രവൃത്തികളിൽ പങ്കാളികളാകാതെ മാറി നില്ക്കുവാനാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾക്ക് നിങ്ങളുടെ സ്വന്തക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും, നിങ്ങൾ വിട്ടുപോരുന്ന ജമാ–അത്തിൽ നിന്നുമൊക്കെ എതിർപ്പുകൾ നേരിടേണ്ടി വരും. അവർ നിങ്ങളെ, അവരുടെ പാദങ്ങളിൽ തറച്ച, ഒരു തൊട്ടാവാടിച്ചെടിയുടെ മുള്ളായിട്ടാവും കരുതുക. പക്ഷേ, എന്റെ പ്രീയകുട്ടികളെ, നിങ്ങൾ അവരുടെ ഹൃദയങ്ങളിൽ കുടിയിരിക്കുന്ന മാരകരോഗങ്ങൾക്കുള്ള ശമനൗഷധമാണ് എന്ന് തെളിയിച്ചുകൊടുക്കണം അതാണ് നിങ്ങളുടെ ബാധ്യത.

ദിവ്യവെളിപാടുകളുടേയും, നിർദ്ദേശങ്ങളുടെയും അടിത്തറയിൽ സ്ഥാപിതമായ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, ആത്മീയ പാതയിൽ സ്ത്രീകൾക്ക് അവരർഹിക്കുന്ന പദവി ഉറപ്പുവരുത്തി

യിരിക്കുന്നു. സിറാജ് മാക്കീൻ എന്ന വനിതാ വിഭാഗം ഏർപ്പെടുത്തിയിരിക്കുന്നത് അതിലെ അംഗങ്ങളിൽ ചുമതലാ ബോധം വളർത്തുന്നതിനാണ്. സിറാജ് മാക്കീൻ അംഗങ്ങളായ നമ്മുടെ ഉത്തരവാദിത്തം ഇസ്ലമിനെ സംരക്ഷിക്കുകയും, നാളെ ഇസ്ലാമിനെ മുൻനിർത്തുന്ന ഒരു മെച്ചപ്പെട്ട മുസ്ലിം തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്നതത്രേ. ഇസ്ലാം സ്ത്രീക്ക് അവളുടെ അവകാശങ്ങൾ കല്പിച്ചു നല്കിയത്, തന്റെ കർമ്മങ്ങളിലൂടെ തന്റെ ജീവിതം മെച്ചപ്പെടുത്തുവാനാണ്. അത് ശാരീരികവും, ആത്മീയവും, ധാർമ്മികവുമായ ജീവിതത്തിന്റെ സകല മേഖലകളിലെയും പുരോഗതിയ്ക്കായിട്ടാണ്.

സ്ത്രീകളുടെ ഉന്നമനം സ്ത്രീകളിലൂടെ മാത്രമേ സാധിക്കൂ എന്ന കാഴ്ചപ്പാടാണ് ഖലീഫത്തുല്ലാഹ്യ്ക്കും, സദർ ഇന്റർനാഷണൽ സ്ഥാനം വഹിക്കുന്ന എനിക്കുമുള്ളത്. സഹീഹുൽ ഇസ്ലാമിലെ അംഗങ്ങളെപ്പറ്റി ബോധവതികളാക്കുന്നതിനു വേണ്ടിയാണ് സിറാജ് മാക്കീൻ എന്ന വിഭാഗം രൂപികരിച്ചിട്ടുള്ളത്. ധാർമ്മികവും, ആത്മീയവുമായി സ്ത്രീകളെ ഉയർത്തുക വിദ്യഭ്യാസത്തിന്റെ പ്രാധാന്യം അവരെ മനസ്സിലാക്കുക, കുഞ്ഞുങ്ങൾക്ക് നല്ല വിദ്യഭ്യാസം നല്കി, അവരെ പരിപാലിച്ച് ഇസ്ലാമിന്റെ നവോത്ഥാനത്തിനു വേണ്ടി നിസ്വാർത്ഥം പരിശ്രമിക്കുന്ന, ഒരു ഉത്തമ തലമുറയെ വാർത്തെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളണ് സിറാജ് മാക്കീൻ വിഭാഗത്തിനുള്ളത്. ഈ ലക്ഷ്യങ്ങൾ ഭാരിച്ച ചുമതലകളാണ്. ചുരുക്കിപ്പറഞ്ഞാൽ, ഒരു സഹീഹുൽ ഇസ്ലാം വനിതയുടെ നാനാവിധ പുരോഗതിയാണ് സിറാജ് മാക്കീൻ ലക്ഷ്യമിടുന്നത്.

അതുകൊണ്ട് മാത്ര, കരുനാഗപ്പള്ളി തുടങ്ങി ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്നും വരുന്ന എന്റെ പ്രീയരെ, നിങ്ങൾ ദയവായി കർമ്മ പഥത്തിലിറങ്ങാതെ ചടഞ്ഞിരിക്കുകയോ, അലസരായിരിക്കുകയോ ചെയ്യരുത്. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ സദ്ർ സാഹിബയോടും, നായിബ് സദ്ർ സാഹിബയോടും ഒപ്പം ചേർന്ന് ദീനി പ്രവൃത്തികളിൽ ഏർപ്പെടണം. അത് അൽഅസീം തഫ്സീ

റുൽ ഖുർആൻ ട്രാൻസ്ലേഷനോ, ഹുസൂർ തിരുമനസ്സിന്റെ ഖുത്തുബാ വിവർത്തനമോ, അവയുടെ ടൈപ്പിംഗ് ജോലിയോ എന്തുമാകട്ടെ, നിങ്ങൾക്ക് പറ്റുന്നത് നിങ്ങൾ ചെയ്യുക. അതിൽ ലജ്ജയോ, നാണക്കേടോ വിചാരിക്കേണ്ട കാര്യമില്ല. അല്ലാഹു നിങ്ങൾക്ക് വഴികാട്ടും. കാലഘട്ടത്തിന്-ലോകത്തിന്- നമ്മെ ആവശ്യമുണ്ട്.

നിങ്ങളെക്കൊണ്ട് ഒരുപയോഗവുമില്ല എന്നൊരിക്കലും കരുതരുത്. നിങ്ങൾ എണ്ണത്തിൽ കുറവാണ് എന്നും കരുതേണ്ട. തിരുനബി(സ) യുടെ കാലഘട്ടത്തിൽ, ബദ്ർ യുദ്ധത്തിൽ, ശാരീരികമായി ദുർബലരായ 313 വിശ്വാസികൾ ആയിരക്കണക്കിന് ശാരീരികമായി കരുത്തരായ അവിശ്വാസികളോട് എതിരിട്ടു. പക്ഷേ, അല്ലാഹു വിശ്വാസികളായ ദുർബലരായവരോടൊപ്പമായിരുന്നു അതു മാത്രം ഓർക്കുക.

നമ്മെക്കാത്ത് ഒത്തിരി വലിയകാര്യങ്ങൾ ഉണ്ട്. സമയമാകുമ്പോൾ നാമത് അനുഭവച്ചറിയുകയും, സഹീഹുൽ ഇസ്ലാമിലെ പുരുഷന്മാർക്ക് വഴികാട്ടിയാകേണ്ടതും, സഹായികളാകേണ്ടതും നമ്മളാണ്. ഒന്നിച്ച് നമുക്കൊരുപാടു മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും ഇൻശാഅല്ലാഹ്. അതുമുഖേന ഈ നാട്ടിലും, മറ്റു നാടുകളിലും ഇസ്ലാം പുരോഗമിച്ചു മുന്നേറും. ആയതിനാൽ, പേരിൽ മാത്രമായ ഇസ്ലാമല്ല, മറിച്ച് ജീവിതംകൊണ്ട് കോരിയിടുന്ന ഒരു ഇസ്ലാമിനെ വാർത്തെടുക്കാം നമുക്ക്. അതുതന്നെയാകട്ടെ നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യവും ഇൻഷാ അല്ലാഹ് ആമീൻ.


*Translated By :*
*Fauzia Jamal, Naib - Sadr, Siraj Makin, Kerala*
*Ph : 9207390876*

*Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*